● സധൈര്യം പറയുക;
അത് വേദനിപ്പിച്ചാലും ഇല്ലെങ്കിലും
-വിവേകാനന്ദൻ

മാധ്യമം
1191 തുലാം 4 ● 1437 മുഹർറം 8
2015 ഒക്ടോബർ 21 ● ബുധൻ

ആസുരതക്കറുതിയുണ്ടാവണം

രാജ്യത്ത് സഹിഷ്ണുതയും അഭിപ്രായഭേദങ്ങൾ അംഗീകരിക്കാനുള്ള സന്നദ്ധതയും കുറഞ്ഞുവരുകയാണോയെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി ഒരിക്കൽക്കൂടി ആശങ്ക പ്രകടിപ്പിച്ചിരിക്കുകയാണ്. അസുരന്മാരെ തിരിച്ചറിയണമെന്ന് മുന്നറിയിപ്പുനൽകിയ അദ്ദേഹം ഏതു സാഹചര്യത്തിലും മാനവികതയും ബഹുസ്വരതയും നിലനിന്നേ മതിയാവൂ എന്ന് ഉണർത്തുകയും ചെയ്തു. കൊൽക്കത്തയിലെ ഒരു പരിപാടിയിൽ പങ്കെടുക്കവേ 5000 സംവത്സരങ്ങൾ പഴക്കമുള്ള ഇന്ത്യൻസംസ്കാരം ഇത്രയുംകാലം നിലനിന്നത് പ്രധാനമായും സഹിഷ്ണുതയും ഭിന്നാഭിപ്രായങ്ങൾ പൊറുപ്പിക്കാനുള്ള മനസ്സുംമൂലമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. രാഷ്ട്രപതിയെക്കൊണ്ട് വീണ്ടും വീണ്ടും സഹിഷ്ണുതയെപ്പറ്റി ഉദ്ബോധിപ്പിക്കാൻ നിർബന്ധിക്കുന്ന സാഹചര്യം വിശദീകരിക്കേണ്ടതില്ല. അനുദിനം കരുത്താർജിച്ചുവരുന്ന അസഹിഷ്ണുതയുടെ പച്ചയായ പ്രകടനങ്ങളാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മാധ്യമങ്ങൾ ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നത്. ദാദ്രിയിൽ പശുമാംസം വീട്ടിൽ സൂക്ഷിച്ചുവെന്ന് വ്യാജമായാരോപിച്ച് മുസ്ലിമിനെ സംഘംചേർന്ന് പേപ്പട്ടിയെപ്പോലെ തല്ലിക്കൊന്ന കൊടുംക്രൂരതക്കെതിരെ ഇന്ത്യക്കകത്തും പുറത്തും ഉയർന്ന കടുത്ത പ്രതിഷേധ ജ്വാലകളേറ്റപ്പോൾ അഴകൊഴമ്പൻ ഖേദപ്രകടനം പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചില സംഘ്പരിവാർ നേതാക്കളും നടത്തിയെങ്കിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആത്മാർഥമായ ഒരു ശ്രമവും അവരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്നാണ് അനന്തരസംഭവങ്ങൾ തെളിയിക്കുന്നത്. ബീഫ് ഫെസ്റ്റിവൽ നടത്തിയതിന്റെ പേരിൽ ജമ്മു-കശ്മീർ നിയമസഭയിൽ കാവിപ്പടയുടെ കടന്നാക്രമണത്തിനിരയായ അബ്ദുറഷീദ് എൻജിനീയറുടെമേൽ ഡൽഹിയിൽ വാർത്താസമ്മേളനം നടത്തി പുറത്തിറങ്ങവെ ഹിന്ദുസേനാ പ്രവർത്തകർ കരിമഷി ഒഴിച്ചതാണ് കഴിഞ്ഞദിവസം കണ്ടത്. മുംബൈയിൽ സംഘ്പരിവാർ ബുദ്ധിജീവിതന്നെയായ സുധീന്ദ്ര കുൽകർണിയെ മുൻ പാക് വിദേശകാര്യമന്ത്രിയെ പുസ്തക പ്രകാശനത്തിന് കൊണ്ടുവന്നതിൽ പ്രതിഷേധിച്ച് കരിമഷിയിൽ കുളിപ്പിച്ച ശിവസേന ഇത്തവണ പാക് ക്രിക്കറ്റ് ടീമിനെ ഇന്ത്യയിൽ കളിക്കാൻ ക്ഷണിച്ചതിന് ബി.സി.സി.ഐ ഓഫിസിൽ അതിക്രമിച്ചു കയറി താണ്ഡവമാടുകയായിരുന്നു. സംഭവം മൂർച്ഛിച്ച് ഇന്ത്യ-പാക് ക്രിക്കറ്റ് മത്സരങ്ങൾ നിർത്തിവെക്കാനും പാക് അമ്പയറെ തിരിച്ചയക്കാനുംവരെ ബന്ധപ്പെട്ടവർ നിർബന്ധിതരായിരിക്കുന്നു. കന്നുകാലികളെ കടത്തിക്കൊണ്ടുപോയ ട്രക്ക് ആക്രമിച്ച് ഒരു കശ്മീരിയെ ഹിന്ദുത്വഗുണ്ടകൾ കൊന്നതിന്റെ പേരിൽ ജമ്മു-കശ്മീരിൽ ബന്ദാചരിക്കുകയാണ് ആ സംസ്ഥാനത്തെ ജനങ്ങൾ. അന്ധവിശ്വാസങ്ങൾക്കെതിരെ ശബ്ദമുയർത്തിയ സാഹിത്യ-സാംസ്കാരിക നായകരെ ഒന്നൊന്നായി കഥകഴിക്കുന്ന സംഭവങ്ങളും തുടർക്കഥയാവുന്നു. ഇതിൽ പ്രതിഷേധിച്ച് സർക്കാർ പുരസ്കാരങ്ങൾ തിരിച്ചുനൽകുന്ന വിവിധ ഭാഷകളിലെ എഴുത്തുകാരുടെയും കലാകാരന്മാരുടെയും എണ്ണം 40 കവിഞ്ഞു. അവരിൽ ചിലർ കാവിപ്പടയുടെ ഭീഷണികൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. അസഹിഷ്ണുത ഇമ്മട്ടിൽ വർധിക്കുന്നതിനെക്കുറിച്ച് രാഷ്ട്രപതി ആശങ്കപ്രകടിപ്പിക്കുന്നതിൽ അദ്ഭുതമുണ്ടോ? ദേശീയ സ്വാതന്ത്ര്യ സമരനായകൻ മഹാത്മാഗാന്ധിയുടെ വിരിമാറിൽ നിറയൊഴിച്ച നാഥുറാം ഗോഡ്സെയെ തൂക്കിലേറ്റിയ നവംബർ 15 ബലിദാന ദിനമായി ആചരിക്കാനുള്ള ഹിന്ദു മഹാസഭയുടെ തീരുമാനംകൂടി വന്നതോടെ ഫാഷിസത്തിന്റെ പകർന്നാട്ടം പൂർണതയിലേക്ക് നീങ്ങുകയാണ്.

> മഹാത്മാഗാന്ധിയുടെ വിരിമാറിൽ നിറയൊഴിച്ച നാഥുറാം ഗോഡ്സെയെ തൂക്കിലേറ്റിയ നവംബർ 15 ബലിദാന ദിനമായി ആചരിക്കാനുള്ള ഹിന്ദു മഹാസഭയുടെ തിരുമാനംകൂടി വന്നതോടെ ഫാഷിസത്തിന്റെ പകർന്നാട്ടം പൂർണതയിലേക്ക് നീങ്ങുകയാണ്

രാജ്യത്തിന്റെ ഭരണം നേർക്കുനേരെ ആർ.എസ്.എസിന്റെ പിടിയിലമർന്നപ്പോൾതന്നെ മതനിരപേക്ഷ ജനാധിപത്യ ഭരണഘടനയുടെ ഭാവി ചോദ്യചിഹ്നമായിരുന്നു. നരേന്ദ്ര മോദിയെ മുന്നിൽനിർത്തി സവർക്കർ-ഗോൾവാൾക്കർ പ്രഭൃതികളുടെ നിർമിതിയായ തീവ്ര ഹിന്ദുത്വ പ്രസ്ഥാനം യഥാർഥ കളി തുടങ്ങുന്നതാണ് പിന്നെ കണ്ടത്. ഇതേവരെ മതന്യൂനപക്ഷങ്ങൾക്കെതിരെ ദുഷ്പ്രചാരണങ്ങൾ നടത്തിയും സംഘർഷങ്ങളും കലാപങ്ങളും സൃഷ്ടിച്ചും തങ്ങൾ അധികാരത്തിലുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസം കാവിവത്കരിച്ചും ഭീകരവേട്ടയുടെ മറവിൽ നിരപരാധികളെ ജയിലിലടച്ചും കഴിഞ്ഞ സംഘ്പരിവാർ അധികാരത്തിന്റെ അനുകൂലസാഹചര്യത്തിൽ ദേശീയതലത്തിൽതന്നെ തനിനിറം പുറത്തെടുത്തിരിക്കുകയാണ്. രാഷ്ട്രത്തിന്റെ ജനാധിപത്യ അടിത്തറ തകർക്കുന്ന ഫാഷിസ്റ്റ് മുന്നേറ്റത്തിനുനേരെ മുഖം തിരിക്കുകയോ മൃദുഹിന്ദുത്വത്തിലൂടെ നേരിടാൻ ശ്രമിക്കുകയോ ചെയ്ത മതേതര പാർട്ടികളും കൂട്ടായ്മകളും നിസ്സഹായതയും പരിഭ്രാന്തിയുമാണിപ്പോൾ പ്രകടിപ്പിക്കുന്നത്. സാർവദേശീയ തലത്തിൽ രാജ്യത്തിന്റെ അന്തസ്സും അഭിമാനവും തകർക്കുന്ന പ്രാകൃത നടപടികൾ തടയാനെങ്കിലും മതേതര സമൂഹത്തിന് കഴിഞ്ഞില്ലെങ്കിൽ രാഷ്ട്രപതി പ്രണബ് മുഖർജി മുന്നറിയിപ്പ് നൽകിയപോലെ 5000 വർഷത്തെ ഭാരതീയ സംസ്കാരമാണ് ആസുരതയുടെ തീജ്വാലയിൽ കത്തിയമരാൻ പോവുന്നത്.

സാമൂഹിക മാധ്യമം



പഴയ ഇന്ത്യ, പുതിയ ഇന്ത്യ

facebook.com/lessi.rey

മോദി അധികാരത്തിൽ വരുന്നതുവരെ ഇന്ത്യയെ വിദേശികൾ അറിഞ്ഞിരുന്നത്, ഒരു ടൂറിസം വണ്ടർ ലാൻഡ് ആയിട്ടായിരുന്നു. വിവിധ സംസ്കാരങ്ങൾ, മതങ്ങൾ എല്ലാം ഒത്തൊരുമിച്ചു പോകുന്ന ഒരു മനോഹര രാജ്യം ആയിട്ടായിരുന്നു ഡോക്യുമെന്ററികളിലും മറ്റുമായി ഇന്ത്യ നിറഞ്ഞു നിന്നിരുന്നത്. പണ്ടും നിരവധി പ്രശ്നങ്ങൾ രാജ്യത്ത് ഉണ്ടാകാറുണ്ട്. എങ്കിലും അതൊന്നും ആഗോളതലത്തിൽ വാർത്തകൾ ആകാറില്ലായിരുന്നു. എന്നാൽ, ഇന്ന് അതെല്ലാം മാറി. നമ്മുടെ നാട് അറിയപ്പെടുന്നത് മൃഗത്തിന്റെ പേരിൽ മനുഷ്യനെ കശാപ്പ് ചെയ്യുന്ന ക്രൂരന്മാരുടെ നാടായിട്ടാണ്. എഴുത്തുകാരെ കൊന്നൊടുക്കുന്ന സ്വാതന്ത്ര്യം നിഷേധിക്കുന്നവരുടെ നാടായിട്ടാണ്. ജാതിയുടെ പേരിൽ മനുഷ്യനെ ജീവനോടെ തീ കൊളുത്തുന്നവരുടെ നാടായിട്ടാണ്. സ്ത്രീ പീഡകരുടെ നാടായിട്ടാണ്. മത ഭ്രാന്തന്മാരുടെ നാടായിട്ടാണ്! മോദി തന്നെ തന്റെ വിദേശ പ്രസംഗങ്ങളിൽ പറഞ്ഞ ഒരു കാര്യമുണ്ട്, പണ്ടൊക്കെ ഇന്ത്യയിൽ ജനിച്ചത് ജനങ്ങൾ നാണക്കേടായി കണ്ടിരുന്നു എന്ന്.

ഇല്ല മിസ്റ്റർ, ഈ മണ്ണിൽ ജനിച്ചത് ആരും നാണക്കേടായി കാണില്ല. പക്ഷെ, നിങ്ങളെപ്പോലുള്ളവരുടെ കൈയിൽ ആണല്ലോ ഈ രാജ്യം എന്നതിൽ നാണിച്ച് തലകുനിക്കേണ്ടിവരുകയാണ് ഓരോരുത്തരും.

Ashkar Lessirey

ബാങ്കിങ് മേഖലയിലെ തട്ടിപ്പുകൾ

സാമ്പത്തികം

പി.സി. സെബാസ്റ്റ്യൻ

ഇന്ത്യയിലെ ബാങ്കിങ് മേഖല തട്ടിപ്പ് രാജാക്കന്മാരുടെ വിഹാരകേന്ദ്രമായി മാറുകയാണ്. സമീപകാലത്ത് ഉയർന്നുവന്ന ബാങ്കിങ് കുംഭകോണങ്ങളും ഇന്ത്യയിൽ വൻകിട കോർപറേറ്റുകൾക്കടക്കം ബാങ്ക് ലൈസൻസുകൾ നൽകാനുള്ള തീരുമാനവും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്. സമ്പദ്വ്യവസ്ഥയിൽ അതീവ നിർണായകമായ ബാങ്കിങ് മേഖല ഈ അവസ്ഥയിലേക്ക് മൂക്കുകുത്തുന്നത് വിദൂരമല്ലാത്ത ഭാവിയിൽ ഗുരുതര പ്രത്യാഘാതങ്ങൾക്ക് കാരണമാവും

ബാങ്ക് ഓഫ് ബറോഡയിൽ നടന്ന വൻ കള്ളപ്പണ ഇടപാട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പുറത്തുകൊണ്ടുവന്നതോടെ ഇന്ത്യയിലെ വൻകിട ബാങ്കുകളുൾപ്പെടെ കേന്ദ്രീകരിച്ച് നടക്കുന്ന അനധികൃത പണമിടപാടുകൾ വീണ്ടും വാർത്തകളിൽ നിറയുകയാണ്. കുറച്ചൊന്നുമല്ല, 6100 കോടി രൂപയുടെ അനധികൃത ഇടപാടാണ് പുറത്തുവന്നിരിക്കുന്നത്. ഇതിന് തൊട്ടുപിറകെ 550 കോടി രൂപയുടെ ഇടപാടുകൾകൂടി പുറത്തുവന്നു. ഇതിന്റെ അന്വേഷണമിപ്പോൾ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുകൊണ്ടുവരുന്നത്.

ബാങ്ക് ഓഫ് ബറോഡയിൽ ഒതുങ്ങി നിൽക്കുന്നതല്ല വെട്ടിപ്പിന്റെ വേരുകൾ. അന്വേഷണം ഇപ്പോഴെത്തിനിൽക്കുന്നത് ഇന്ത്യയിലെ പ്രമുഖ നവയുഗ സ്വകാര്യ ബാങ്കുകളടക്കമുള്ള എട്ട് പ്രമുഖ സ്വകാര്യ ബാങ്കുകളിലാണ്. കയറ്റുമതിയുമായി ബന്ധപ്പെട്ട ഇടപാടുകളുടെ മറവിലായിരുന്നു അനധികൃത ബാങ്ക് ഇടപാടുകളെന്നാണ് വ്യക്തമാകുന്നത്.

സമീപകാലത്ത് ഉയർന്നുവരുന്ന ഇത്തരം കുംഭകോണങ്ങളും ഇന്ത്യയിൽ വൻകിട കോർപറേറ്റുകൾക്കടക്കം ബാങ്ക് ലൈസൻസുകൾ നൽകാനുള്ള തീരുമാനവും ചേർത്തുവായിക്കുമ്പോഴേ ഇന്ത്യയിലെ ബാങ്കിങ് മേഖല തട്ടിപ്പ് രാജാക്കന്മാരുടെ വിഹാരകേന്ദ്രമായി മാറുകയാണെന്ന യാഥാർഥ്യം വ്യക്തമാകൂ. സമ്പദ്വ്യവസ്ഥയിൽ അതീവ നിർണായകമായ ബാങ്കിങ് മേഖല ഈ അവസ്ഥയിലേക്ക് മൂക്കുകുത്തുന്നത് വിദൂരമല്ലാത്ത ഭാവിയിൽ ഗുരുതര പ്രത്യാഘാതങ്ങൾക്ക് കാരണമാവും.

ബാങ്ക് ഓഫ് ബറോഡയിലെ 6100 കോടി രൂപയുടെ അനധികൃത ഇടപാട് സംബന്ധിച്ച അന്വേഷണത്തിനിടെയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സിൽ നടന്ന 505 കോടി രൂപയുടെ കൈമാറ്റത്തെക്കുറിച്ച് സൂചന ലഭിച്ചത്. അന്വേഷണത്തിൽ 2006 മുതൽ അനധികൃത പണമിടപാടുകൾ നടക്കുന്നുണ്ടെന്ന സൂചനയാണ് ലഭിക്കുന്നത്. നടക്കാത്ത ഇറക്കുമതികളുടെ മറവിലാണ് അയിരക്കണക്കിന് കോടി രൂപ ബാങ്കുകൾ വഴി ഹോങ്കോങ്ങിലേക്കും ചൈനയിലേക്കും അയച്ചത്. ഇതു സംബന്ധിച്ച അന്വേഷണത്തിൽ ഗാസിയാബാദിൽ വിദേശ നാണയ ഇടപാട് നടത്തുന്ന മനീഷ് ജയിൻ എന്നയാളെ എൻഫോഴ്സ്മെന്റ് വിഭാഗം അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇയാൾക്ക് മറ്റു ഏഴു ബാങ്കുകളുമായും അനധികൃത പണമിടപാടുകളുണ്ടായിരുന്നുവെന്ന സൂചനയും ലഭിച്ചുകഴിഞ്ഞു. ഫലത്തിൽ ബാങ്ക് ഓഫ് ബറോഡയിൽ കണ്ടെത്തിയത് മഞ്ഞുമലയുടെ തുമ്പ് മാത്രമാണെന്നാണ് കരുതുന്നത്. മനീഷ് ജയിൻ 11 വ്യാജ ഇറക്കുമതി സ്ഥാപനങ്ങൾവഴിയാണ് ഇടപാടുകൾ നടത്തിയിരുന്നതെന്നും വ്യക്തമായിട്ടുണ്ട്. അന്വേഷണം കൂടുതൽ മുന്നേറുന്നതോടെയാണ് തട്ടിപ്പിന്റെ യഥാർഥ വ്യാപ്തി വ്യക്തമാവുകയുള്ളൂ. ബാങ്ക് ഓഫ് ബറോഡയിലെ തട്ടിപ്പിന്റെ പേരിൽ അറസ്റ്റിലായ സഞ്ജയ് അഗർവാൾ എന്നയാളെ ചോദ്യംചെയ്തതിൽ നിന്ന് ലഭിച്ചവിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മനീഷ് ജയിനിനെ കസ്റ്റഡിയിലെടുക്കുന്നത്.

ഇന്ത്യൻ ബാങ്കുകളുമായി ബന്ധപ്പെട്ട ഇത്തരം വിവാദങ്ങൾ ഇതാദ്യമല്ല. രണ്ടു വർഷംമുമ്പ് കോബ്രാ പോസ്റ്റ് എന്ന ഓൺലൈൻ വാരിക നടത്തിയ ഒളിക്കാമറ അന്വേഷണത്തിൽ കെ.വൈ.സി നിബന്ധനകൾ, അനധികൃത പണമിടപാട് തടയൽ നിയമം, വിദേശ നാണയ മാനേജ്മെന്റ് ആക്ട് തുടങ്ങിയ ചട്ടങ്ങൾ ലംഘിച്ച് നിരവധി ബാങ്കുകൾ ഇടപാടുകൾ നടത്തുന്ന വിവരം പുറത്തുവന്നിരുന്നു. ഇതേതുടർന്ന് റിസർവ് ബാങ്ക് നടത്തിയ അന്വേഷണത്തിൽ ഈ ബാങ്കുകൾക്ക് 50 കോടി രൂപ പിഴ ഈടാക്കി. തട്ടിപ്പ് ഇടപാടുകൾ തടയുന്നതിന് 22 ഇന നിർദേശങ്ങൾ ആർ.ബി.ഐ ബാങ്കുകൾക്ക് നൽകുകയും ചെയ്തു. ഇതിനുശേഷവും ഇന്ത്യയിലെ ബാങ്കുകൾവഴി വൻതോതിൽ അനധികൃത പണമിടപാടുകളും കള്ളപ്പണം വെളുപ്പിക്കലും തുടരുകയാണെന്നതിന്റെ തെളിവാണ് പുതിയ വെളിപ്പെടുത്തലുകൾ.

എച്ച്.ഡി.എഫ്.സി ബാങ്കിലെ 11 അക്കൗണ്ടുകളിൽനിന്ന് ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സംവിധാനംവഴിയാണ് 6100 കോടി രൂപ ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ടുകളിലെത്തിയത്. ഈ സംഭവത്തിൽ എച്ച്.ഡി.എഫ്.സി ബാങ്ക് ഉദ്യോഗസ്ഥൻ അറസ്റ്റിലായിട്ടുണ്ട്. ബാങ്ക് ഓഫ് ബറോഡ ഉദ്യോഗസ്ഥർക്കെതിരെയും നടപടി ആരംഭിച്ചിട്ടുണ്ട്. എന്നാൽ, ഏതാനും ഉദ്യോഗസ്ഥർ മാത്രമാണോ ഇത്തരം തട്ടിപ്പുകളിലെ പ്രതികളെന്ന സംശയം അവശേഷിക്കുന്നു. ബാങ്കുകളിലെ ഉന്നതതലങ്ങളിൽനിന്നു തന്നെയാണ് ഇത്തരം ഇടപാടുകൾക്ക് അനുമതിയും സമ്മർദവും ഉണ്ടാവുക. താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കണ്ണടക്കുക മാത്രമേ വഴിയുള്ളൂ. എന്നാൽ, തട്ടിപ്പുകൾ പുറത്തുവരുമ്പോൾ കുടുങ്ങുന്നത് താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ മാത്രമായിരിക്കും. ഇന്ത്യയിലെ ബാങ്കിങ് സംവിധാനത്തിൽനിന്ന് തട്ടിപ്പുകളും കുംഭകോണങ്ങളും ഒഴിഞ്ഞുപോകാത്തതിന്റെ മൂലകാരണവും ഇതുതന്നെ. ഇന്ത്യൻ ബാങ്കുകൾ കിട്ടാക്കടം പെരുകി മരണവക്കിലെത്തുന്നതിന്റെ കാരണവും മറ്റൊന്നല്ല.

കൈക്കൂലി വാങ്ങി ഭൂഷൺ സ്റ്റീൽ എന്ന കമ്പനിക്ക് കോടികളുടെ വായ്പ അനുവദിച്ചതിന് സിൻഡിക്കേറ്റ് ബാങ്ക് മേധാവി കഴിഞ്ഞവർഷം പിടിയിലായിരുന്നു. ഒരു ബാങ്ക് മേധാവി വായ്പാതട്ടിപ്പിന് അറസ്റ്റിലാവുന്നത് ഇന്ത്യയിൽ തന്നെ ആദ്യമായിരുന്നു. എന്നാൽ, ഈ വായ്പ അനുവദിച്ചതിനുപിന്നിൽ സർക്കാർതലത്തിൽനിന്നുതന്നെയുള്ള ഇടപെടലുകളുണ്ടയതായി സംശയിച്ചിരുന്നു. എന്നാൽ, അന്വേഷണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. കടംകയറി അടച്ചുപൂട്ടിയ കിങ്ഫിഷർ എയർലൈൻസിന് പൊതുമേഖലാ ബാങ്കായ ഐ.ഡി.ബി.ഐ ബാങ്ക് അടുത്ത കാലത്ത് 900 കോടി രൂപയാണ് വായ്പ അനുവദിച്ചത്. ഈ കമ്പനി എസ്.ബി.ഐയിൽനിന്നടക്കം എടുത്ത 7000 കോടി രൂപയുടെ വായ്പയും നികുതിയിനത്തിൽ വരുത്തിയ കോടികളുടെ കുടിശ്ശികയും തിരിച്ചുപിടിക്കാൻ നീക്കങ്ങൾ നടക്കുന്നതിനിടെയാണ് ഐ.ഡി.ബി.ഐ ബാങ്ക് ഒരിക്കലും തിരിച്ചുകിട്ടില്ലെന്ന ഉറപ്പോടുകൂടെതന്നെ കിങ്ഫിഷറിന് 900 കോടി രൂപ വെച്ചുനീട്ടിയത്. ഉന്നതങ്ങളിലെ അഴിമതിനിറഞ്ഞ ഇടപെടലുകൾക്കുപുറമെ ബാങ്ക് മാനേജ്മെന്റുകൾ മുന്നോട്ടുവെക്കുന്ന ലക്ഷ്യംനേടാൻ മാനേജർമാർക്കുള്ള സമ്മർദവും അഴിമതികൾക്ക് വഴിമരുന്നിടുന്നുണ്ട്. ബാങ്കുകളിൽനിന്ന് കോടി വായ്പയെടുത്ത് ആഡംബര ജീവിതം നയിക്കുമ്പോഴും കിങ്ഫിഷർ ഉടമകളായ വിജയ് മല്യക്കും മകനും ഈ വായ്പകളിൽ ഒരു ബാധ്യതയുമില്ലെന്നാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. അടുത്തിടെ പുറത്തുവന്ന ഒരു റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ബാങ്ക് തട്ടിപ്പുകൾ വർധിക്കുന്നുവെന്ന് വ്യക്തവുമാണ്. ഇതിനിടെയാണ് കിങ്ഫിഷറിനെപോലുള്ള കോർപറേറ്റ് ഭീമന്മാർക്കുതന്നെ ബാങ്കുകൾ ആരംഭിക്കാൻ ലൈസൻസ് നൽകാനുള്ള നീക്കം. ഇതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഇതുകൂടി പൂർത്തിയാകുന്നതോടെ ഇന്ത്യൻ ബാങ്കിങ് മേഖല പരിപൂർണ അരാജകത്വത്തിലേക്ക് നീങ്ങുമെന്ന് ഈ മേഖലയിലെ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

ഇന്ത്യയിൽ ബാങ്കിങ് നിയമങ്ങളുടെ കടുത്ത ലംഘനത്തിനുപോലും കാര്യമായ പിഴയോ നടപടികളോ ബാങ്ക് മാനേജ്മെന്റുകൾ നേരിടേണ്ടിവരാത്തതാണ് തട്ടിപ്പുകളുടെ വർധനക്ക് കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. രണ്ടുവർഷം മുമ്പുണ്ടായ കടുത്ത നിയമലംഘനത്തിന് ബാങ്കുകൾ നൽകേണ്ടിവന്ന പിഴ വെറും 50 കോടി രൂപയാണ്. ഒരു പക്ഷേ, അനധികൃത ഇടപാടുകൾ വഴി ഈ ബാങ്കുകൾ ഇതിന്റെ പതിന്മടങ്ങ് നേട്ടമുണ്ടാക്കിയിട്ടുണ്ടാവണം. അതേസമയം, വിദേശത്ത് കഴിഞ്ഞ ഏഴുവർഷത്തിനിടെ അഞ്ചു വിദേശ ബാങ്കുകൾ തട്ടിപ്പ് ഇടപാടുകൾക്ക് നൽകേണ്ടിവന്നത് 570 കോടി ഡോളറാണ്. ഭീമമായ പിഴ അടക്കേണ്ടിവരുന്നത് ബാങ്കുകളുടെ ലാഭത്തെ സാരമായി ബാധിക്കും. ഇതോടെ തട്ടിപ്പുകൾ തടയാൻ നടപടികൾ സ്വീകരിക്കാൻ അവർ നിർബന്ധിതരാവുകയും ചെയ്യും.

കടുത്തനടപടികളിലേക്ക് നീങ്ങാതെ തട്ടിപ്പിന് വഴിയൊരുക്കുന്ന സമീപനം തുടർന്നാൽ ഇനിയും ഇന്ത്യയിലെ ബാങ്കുകൾ തട്ടിപ്പുകളുടെ കൂത്തരങ്ങായി മാറുകയേയുള്ളൂ.

●

ടാഗോറിനെ ഓർമയുണ്ടോ, ഇവർക്ക്?

കാരൂർ സോമൻ

മഹത്തായ നമ്മുടെ സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങളുടെ ഉള്ളറകളിലേക്ക് കടന്നുചെന്നാൽ ഭാഷയുടെ മുഖമുദ്രകൾ കാലത്തിന്റെ മടിത്തട്ടിൽ മുഖംമൂടിയണിഞ്ഞ് കിടക്കുന്നതായി തോന്നും. ഇന്ത്യയുടെ പല ഭാഗങ്ങളിലും വേട്ടയാടപ്പെട്ട മൃഗങ്ങളെപ്പോലെ സാഹിത്യകാരന്മാർ, കവികൾ, എഴുത്തുകാർ വെടിയേറ്റും, വെട്ടേറ്റും പിടഞ്ഞുമരിക്കുന്നു. അവർക്ക് എഴുതാൻപോലും സ്വാതന്ത്ര്യമില്ലാത്ത ഒരു ഫ്യൂഡൽ വ്യവസ്ഥിതി നിലവിൽവരുന്നു. എന്തുകൊണ്ടാണ് കേന്ദ്ര സാഹിത്യ അക്കാദമി ചെയർമാൻ ഈ കാട്ടാളന്മാർക്കെതിരെ രംഗത്തുവരാത്തത്?

ഒരു രാഷ്ട്രീയ പാർട്ടിയിലുള്ളവർ കൊല്ലപ്പെട്ടാൽ ചോദ്യങ്ങൾ, ബന്ദുകൾ, ബഹുജനറാലി മുതലായവ കേരളത്തിൽ കാണാറുണ്ട്. ഒരു ഭാഷയുടെ കരുത്തും അഭിമാനവുമായ സർഗധനരായ എഴുത്തുകാരെ കൊല്ലുമ്പോൾ നമ്മുടെ കേന്ദ്ര സാഹിത്യ അക്കാദമി അധ്യക്ഷ്യൻ അവിടെ അധികാരത്തിന്റെ അപ്പക്ഷണവും ഭക്ഷിച്ച് കഴിയുകയാണ്. ഇവിടെയാണ് ചിലരൊക്കെ ആവാഹിച്ചെടുക്കുന്ന അവാർഡുകളും പദവികളും ചോദ്യംചെയ്യപ്പെടുന്നത്. ജാതിമത-അധികാര ജന്മിമാരിലൂടെ കടന്നുവന്നവർക്ക് മേലാളന്മാർക്കെതിരെ ശബ്ദിക്കാൻ നാവുയരില്ല. അവിടെയും ആസൂത്രിതമായ ഒരു ഗൂഢാലോചനയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ പുരോഗതി ആഗ്രഹിച്ചിരുന്നുവെങ്കിൽ എഴുത്തുകാരെ കൊന്നൊടുക്കുന്നതിന്റെ പേരിൽ ധാർമികമായ ഉത്തരവാദിത്തം ഏറ്റെടുത്ത് രാജിവെച്ച് പുറത്തുപോകുമായിരുന്നു.

തകഴിക്ക് ജ്ഞാനപീഠം കിട്ടുമ്പോൾ മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ ഡൽഹി കേരള ഹൗസിൽ ഒരു അനുമോദന യോഗം സംഘടിപ്പിച്ചു. അധ്യക്ഷനായി വന്നത് ഗവർണറായിരുന്ന വക്കം പുരുഷോത്തമനാണ്. കേരളത്തിൽനിന്നുള്ള എം.പിമാർ, സാഹിത്യസാംസ്കാരിക പ്രവർത്തകരെല്ലാമുണ്ടായിരുന്നു. ഡോ. കെ.എം. ജോർജായിരുന്നു കേരളത്തിൽ നിന്നുള്ള അക്കാദമി സെക്രട്ടറി. തകഴിയും, കെ.എം. ജോർജും എനിക്ക് ഗുരുതുല്യരാണ്. മണ്ടിഹൗസിൽ നടക്കുന്ന മിക്ക പരിപാടികളിലും അദ്ദേഹം എന്നെ ക്ഷണിക്കുമായിരുന്നു. അങ്ങനെ ഇതിലും പങ്കെടുത്തു. തകഴിയെ വേദിയിലിരുത്തി കരുണാകരൻ വാനോളം പുകഴ്ത്തി. ആ കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യം: ‘തകഴിച്ചേട്ടനെ ഒരുതരത്തിലും എനിക്ക് സഹായിക്കാൻ കഴിഞ്ഞിട്ടില്ല’. പുഞ്ചിരിയുടെ നിറകുടമായ കരുണാകരന് പുഞ്ചിരിക്കാത്ത തകഴി കൊടുത്ത മറുപടി : ‘ഞാനാരോടും സഹായം എഴുത്തുകാര്യത്തിൽ ചോദിക്കാറില്ല. ഇതല്ലാതെ എത്രയോ നീറുന്ന പ്രശ്നങ്ങൾ സമൂഹത്തിലുണ്ട്’. അധികാരികളോടും ജന്മി പൗരോഹിത്യ മുതലാളിവർഗത്തോടും ഒരു നിർണായക ശക്തിയായിനിന്ന് പോരടിക്കുന്ന എഴുത്തുകാരൻ ഈ കൂട്ടരുടെ പടുകുഴിയിൽ വീഴില്ലെന്ന് അത് കേട്ടിരുന്നവർക്ക് മനസ്സിലായിക്കാണും. ഇന്നത്തെ എഴുത്തുകാരൻ ആരുടെ ഭാഗത്താണ്?

> തകഴിയെ വേദിയിലിരുത്തി കരുണാകരൻ വാനോളം പുകഴ്ത്തി. ആ കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യം: ‘തകഴിച്ചേട്ടനെ ഒരുതരത്തിലും എനിക്ക് സഹായിക്കാൻ കഴിഞ്ഞിട്ടില്ല’. പുഞ്ചിരിയുടെ നിറകുടമായ കരുണാകരന് പുഞ്ചിരിക്കാത്ത തകഴി കൊടുത്ത മറുപടി: ‘ഞാനാരോടും സഹായം എഴുത്തുകാര്യത്തിൽ ചോദിക്കാറില്ല. ഇതല്ലാതെ എത്രയോ നീറുന്ന പ്രശ്നങ്ങൾ സമൂഹത്തിലുണ്ട്’

ഇന്ന് ഇന്ത്യയിലെ സാഹിത്യ-സാംസ്കാരിക-കലാരംഗങ്ങളിൽ ഇന്ത്യയിലെ കുത്തഴിഞ്ഞ രാഷ്ട്രീയ-മതശക്തികൾ ആധിപത്യം ഉറപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ സ്വാധീന അധികാരവലയത്തിലൂടെയാണ് പല രാഷ്ട്രീയമത പ്രമാണിമാരെയും ഈ പവിത്ര സ്ഥാപനങ്ങളിൽ കുടിയിരുത്തുന്നത്. പേരിനുവേണ്ടി ചില സർഗപ്രതിഭകളുള്ള എഴുത്തുകാരും ആ കൂട്ടത്തിലുണ്ട്. ഇന്ന് ഇവിടെയെല്ലാം വിറ്റഴിക്കുന്നത് കമ്പോള സാഹിത്യമാണ്. ഈ കമ്പോള സംസ്കാരത്തിന്റെ ഏറിയ ഗുണവും ലഭിക്കുന്നത് ഇതിലുള്ളവർക്കും അവരെ ചുറ്റിപ്പറ്റി നിൽക്കുന്ന സ്തുതിപാഠകർക്കുമാണ്. ഇതിലേക്ക് നുഴഞ്ഞുകയറിവന്നവരുടെ സാഹിത്യ സംഭാവനകൾ ഒരിക്കലും വിലയിരുത്തപ്പെടാറില്ല. മറ്റൊരു സാഹിത്യകാരൻ അല്ലെങ്കിൽ കവി അത് നിശബ്ദം കണ്ട് വായ് മൂടിയിരിക്കും. അതിന്റെ കാരണം കിട്ടാനിരിക്കുന്ന അവാർഡും പദവിയും നഷ്ടപ്പെടുമെന്നുള്ള ഭയമാണ്. ഒരു അവാർഡാണോ ഒരു ഭാഷയുടെ ഏറ്റവും വലിയ സമ്പത്ത്. യോഗ്യതയുള്ള എഴുത്തുകാരെ പുറത്തുനിർത്തി അയോഗ്യരായവരെ വാഴ്ത്തിപ്പാടുന്ന ഈ സ്വജനപക്ഷപാത സങ്കുചിത ചിന്ത ഇവിടെ നിലനിൽക്കുന്നുണ്ട്. ജ്ഞാനപീഠം മുതൽ ഈ പ്രവണത കാണുന്നുണ്ട്.

ഇത് ഒരുപറ്റം ആൾക്കാരുടെ കൈകളിലാണ്. ആരും ശബ്ദിക്കില്ല. ശബ്ദിച്ചാൽ നോട്ടപ്പുള്ളിയാണ്. സാഹിത്യത്തെ ഭാഷയെ സജീവമായി സ്വദേശത്തും വിദേശത്തും നിലനിർത്തുന്നവരെ കറിവേപ്പിലപോലെയാണ് വലിച്ചെറിയുന്നത്. ഇവർക്ക് എങ്ങനെയാണ് ഇന്ത്യയിലുടനീളം ഭ്രാന്തമായി അലഞ്ഞുനടക്കുന്ന വർഗീയ നായ്ക്കളെ പ്രതിരോധിക്കാൻ കഴിയുക? ഇങ്ങനെയുള്ള സാഹിത്യ ദത്തുപുത്രന്മാർക്ക് ഒരു അവാർഡുകൂടി കൊടുത്താൽ മാധ്യമങ്ങൾ അത് പാടിപ്പുകഴ്ത്തിക്കൊള്ളും. ശ്രേഷ്ഠമായ കൃതികൾ ധാരാളമുണ്ടെങ്കിലും ഇതിലുള്ളവരുടെ കൃതികളാണ് ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നത്. വിപണനതന്ത്രമറിയാവുന്ന പ്രസാധകർ അതുപയോഗിക്കുന്നു. പുറത്തുനിൽക്കുന്ന എഴുത്തുകാരൻ എല്ലാം മൗനനൊമ്പരങ്ങളോടെ കണ്ടുനിൽക്കുന്നു. ഇതും സാഹിത്യലോകത്ത് നടക്കുന്ന ഒരു പീഡനമാണ്. ഇനിയെങ്കിലും ഈ സ്ഥാപനങ്ങളിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമല്ലേ?

ഭരണത്തിലുള്ളവർ എപ്പോഴും പറയാറുണ്ടല്ലോ സമുദായ-മത സംഘടനകൾ രാഷ്ട്രീയത്തിൽ എന്തിനാണ് ഇടപെടുന്നത്? രാഷ്ട്രീയത്തിലുള്ള ഒരാൾക്ക് ഒരു പുരോഹിതനാകാനോ രാഷ്ട്രീയ തന്ത്ര-കുതന്ത്രങ്ങൾ-അഴിമതി നടത്താനുള്ള സാമർഥ്യം പുരോഹിതനോ അറിയില്ല. അങ്ങനെയെങ്കിൽ ഇത് എല്ലാ രംഗത്തും ബാധകമല്ലേ? ഈ സ്ഥാപനങ്ങളുടെ തലതൊട്ടപ്പന്മാരായി നിങ്ങൾ എന്തിനാണിരിക്കുന്നത്? എന്താണ് നിങ്ങളുടെ സാഹിത്യ സംഭാവനകൾ? ഇത് എഴുത്തുകാർക്ക് വിട്ടുകൊടുത്താൽ അവരൊക്കെ സ്വതന്ത്രരാകും ഈ സ്ഥാപനങ്ങൾക്ക് ശാപമോക്ഷമുണ്ടാവും. അവർ യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് അധികാരസ്ഥാനങ്ങളിൽ ഇരുത്തട്ടെ. ഇവിടെയും കാണുന്നത് ഈ ജീർണിച്ച വ്യവസ്ഥിതിയുടെ ഇരട്ടമുഖമാണ്. കൊടിയുടെ നിറത്തിൽ, മതത്തിന്റെ മറവിൽ എഴുത്തുകാരെ തരംതിരിച്ച് തമ്മിലടിപ്പിക്കുക, അവർ ഒരു കുടക്കീഴിൽ അണിനിരക്കാൻ ഈ കൂട്ടർ ആഗ്രഹിക്കുന്നില്ല. ഈ ആപത്ത് മുന്നിൽകണ്ടുകൊണ്ടാണ് ഇന്നത്തെ ഭരണാധികാരികൾ ഇവരെ വിലക്കെടുക്കുന്നത്. സർക്കാറും മാധ്യമങ്ങളും വളർത്തിക്കൊണ്ടിരിക്കുന്ന ഈ കൂട്ടർ സർ പദവി വലിച്ചെറിഞ്ഞ മഹാനായ രവീന്ദ്രനാഥ ടാഗോറിനെ ഒരു നിമിഷം ഓർക്കുന്നത് നന്ന്.

●

ഭരണകൂട ഭീകരതകൾക്കെതിരെ ആത്മീയ പ്രതിരോധം

അബ്ദുല്ലത്തീഫ് കൊടുവള്ളി

ഫറോവയെ നശിപ്പിച്ച് പ്രവാചകൻ മൂസയെയും ഇസ്രായേൽ ജനതയെയും രക്ഷപ്പെടുത്തിയ ദൈവത്തിനുള്ള നന്ദിസൂചകമായാണ് ലോക മുസ്ലിംകൾ മുഹർറം ഒമ്പത്, പത്ത് തീയതികളിൽ വ്രതമനുഷ്ഠിക്കുന്നത്. ലോകത്തെങ്ങുമുള്ള മർദക ഭരണാധികാരികൾക്കെതിരെ പീഡിതജനതകളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുള്ള ആത്മീയ പ്രതിരോധം എന്നനിലയിൽകൂടി പ്രസ്കതിയുണ്ട് ഈ വ്രതങ്ങൾക്ക്

മാനവസമൂഹത്തിന്റെ ഭൗതികക്ഷേമവും പാരത്രിക മോക്ഷവും ഉറപ്പുവരുത്താനായി പലകാലങ്ങളിൽ, വിവിധ രാജ്യങ്ങളിലായി ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകരെ ദൈവം നിയോഗിച്ചിട്ടുണ്ടെന്നാണ് ഇസ്ലാമിക ചരിത്രഭാഷ്യം. ഇവരെല്ലാവരും ഒന്നൊഴിയാതെ, അതത് കാലത്തെ കൊടുംകുറ്റവാളികളായ ഭരണവർഗത്തിന്റെ കടുത്ത പീഡനങ്ങൾക്ക് വിധേയരായതായി ഖുർആൻ പറയുന്നു(6:112, 123). ഭൗതിക താൽപര്യങ്ങൾമാത്രം മുൻനിർത്തി രൂപംകൊണ്ട ബഹുദൈവത്വപരമായ ആശയങ്ങളിലൂന്നി ഭരണകേന്ദ്രങ്ങളും പുരോഹിതന്മാരും ചേർന്നുണ്ടാക്കിയ അവിശുദ്ധകൂട്ടുകെട്ടുകൾ പ്രവാചകന്മാരെ പലവിധത്തിൽ പീഡിപ്പിച്ചു (29:25).

ഖുർആൻ മുന്നോട്ടുവെക്കുന്ന മനുഷ്യചരിത്രം പ്രവാചകന്മാരും അതത് സമൂഹങ്ങളും തമ്മിൽ നടന്ന ആദർശസംഘട്ടനങ്ങളുടേതാണ്. ക്രൈസ്തവ പണ്ഡിതനും വയോവൃദ്ധനുമായ വറഖത്തുബ്നു നൗഫൽ, പ്രവാചകത്വം ലഭിച്ചയുടനെ മുഹമ്മദ് നബിയോട് പറഞ്ഞത് ‘താങ്കൾ കൊണ്ടുവന്ന ദൈവികസന്ദേശവുമായി മുൻകാലങ്ങളിൽവന്ന എല്ലാ പ്രവാചകന്മാരും പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്’ എന്നായിരുന്നു. ഈജിപ്ഷ്യൻ ഭരണകൂടം 1966ൽ തൂക്കിലേറ്റിയ സയ്യിദ് ഖുതുബ് ഈ പ്രതിഭാസത്തെ വിശകലനംചെയ്ത് എഴുതുന്നു. ‘ഏതൊരു സമൂഹത്തിലും നിലനിൽക്കുന്ന തരാതരം അധാർമികതകളാണ് ദുർഭരണാധികാരികളെ നിലനിർത്തുന്നത്. അതുകൊണ്ടുതന്നെ രംഗം ശുദ്ധിയാക്കാൻ കച്ചകെട്ടിയിറങ്ങിയ പ്രവാചകന്മാരെ ശത്രുക്കൾ അമർച്ചചെയ്തു. പീഡനങ്ങൾ പക്ഷേ, പ്രവാചകന്മാർക്ക് മുന്നോട്ടുകുതിക്കാനുള്ള ഇന്ധനമായി മാറുകയായിരുന്നു. വിശ്വാസസ്വാതന്ത്ര്യം നിഷേധിക്കുകയും ജനങ്ങളെ അടിമകളാക്കുകയും ചെയ്യുന്ന ഭരണവർഗത്തെ സ്ഥാനത്തുനിന്ന് പിഴുതെറിയുകയെന്നത് അതുകൊണ്ടുതന്നെ അവരുടെ അജണ്ടയായി’. എക്കാലത്തെയും ഭരണാധികാരികളുടെ പൊതുസ്വഭാവം ജനവിരുദ്ധനയങ്ങളാണ്. അധികാരമുപയോഗിച്ച് നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുക, പ്രതാപികളായ ജനങ്ങളെ നിന്ദ്യരാക്കുകയെന്നത് ചക്രവർത്തിമാരുടെ പൊതുസ്വഭാവമാണെന്ന് ഖുർആൻ സാമാന്യവത്കരിച്ച് പറയുന്നുണ്ട്. പാവപ്പെട്ട കടൽതൊഴിലാളികൾ ജീവിത സന്ധാരണത്തിനായി ഉപയോഗിച്ചിരുന്ന കപ്പൽ, കവർച്ചക്കാരനായ ചക്രവർത്തിയുടെ കണ്ണിൽപെടാതിരിക്കാനായി ഒരു ദൈവദാസൻ കടലിൽ താഴ്ത്തിക്കളഞ്ഞതായി ഖുർആൻ പറയുന്നു. ഏകദൈവ വിശ്വാസികളായ ജനങ്ങളെ നിർബന്ധിച്ച് ബഹുദൈവവിശ്വാസികളാക്കാൻ ശ്രമിച്ച ദഖ്യാനൂസ് ചക്രവർത്തിയെയും തീക്കളങ്ങളൊരുക്കി ചുട്ടുകരിച്ച ഭരണാധികാരികളെയുംകുറിച്ച് ഖുർആൻ വിവരിക്കുന്നുണ്ട്.

ഈ ഗണത്തിൽ ഏറെ കുപ്രസിദ്ധനാണ് പ്രവാചകൻ മൂസയുടെ പ്രതിയോഗിയായിരുന്ന ഫറോവ ചക്രവർത്തി (ബി.സി 1292-1225). മൊത്തം പ്രവാചക ശത്രുക്കളെക്കുറിച്ച് സാമാന്യമായിമാത്രം പരാമർശിച്ച ഖുർആൻ ഒട്ടേറെ അധ്യായങ്ങളിൽ, കൂടുതൽ സൂക്തങ്ങളിലായി ഫറോവയുടെ ക്രൂരവ്യക്തിത്വത്തെ അനാവരണം ചെയ്തിട്ടുണ്ട്. താനാണ് സർവലോക നാഥനെന്ന കള്ളവാദമുന്നയിച്ച് അഹങ്കാരം നടിച്ച്, ഇസ്രായേൽ സന്തതികളെ ഒന്നിനുംകൊള്ളാത്ത നിന്ദ്യരാക്കി, തന്റെയും തന്റെ വർഗമായ കോപ്റ്റിക്കുകളുടെയും താൽപര്യങ്ങൾക്കുവേണ്ടി അവരെ ക്രൂരമായി പീഡിപ്പിച്ചു. പുരുഷ പ്രജകൾ ജനിക്കുന്നത് തന്റെ അധികാരത്തിന് ഭീഷണിയാവുമെന്ന് ഭയന്നതിനാൽ അവർ ജനിക്കുന്നത് വിവിധ മാർഗേണ തടഞ്ഞു. പാരമ്പര്യമൂല്യങ്ങളെ തള്ളിപ്പറയുന്ന മൂസ നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുകയാണെന്ന് ആരോപിച്ച് ജനങ്ങളെ ഇളക്കിവിട്ടു.

ഇസ്രായേൽ സന്തതികളുടെ മോചനത്തിനായി നിയോഗിക്കപ്പെട്ട മൂസ, ഉദ്ബോധനം, പ്രബോധനം, അമാനുഷ ദൃഷ്ടാന്തങ്ങളിലൂടെയുള്ള സത്യസാക്ഷ്യനിർവഹണം, ഭൗതികവും പാരത്രികവുമായ പരീക്ഷണങ്ങളെയും ശിക്ഷകളെയും സംബന്ധിച്ച താക്കീതുകൾ മുതലായവവഴി ഫറോവയെയും പ്രഭൃതികളെയും തിരുത്താൻ നിരന്തരം ശ്രമിച്ചുവെങ്കിലും ഫലംകണ്ടില്ല. ഗത്യന്തരമില്ലാതെ പ്രവാചകൻ മൂസ ഇസ്രായേലികളുമായി അദ്ഭുതകരമായി കടൽകടന്നു രക്ഷപ്പെട്ടപ്പോൾ പിറകെച്ചെന്ന ഫറോവയും പ്രഭൃതികളും കടലിൽ മുങ്ങിച്ചാവുകയായിരുന്നു. ലോകാവസാനംവരെയുള്ള ജനതകൾക്ക് പാഠമാവാൻ വേണ്ടി ഫറോവയുടെ ജഡം ദൈവം കാത്തുവെച്ചു. ഈജിപ്തിലെ മ്യൂസിയത്തിൽ അതിപ്പോഴും കാണാം.

ഭൂമിയിൽ പീഡിതരായിക്കഴിയുന്ന ജനതക്ക് നാം അനുഗ്രഹംനൽകുമെന്ന ദൈവിക വാഗ്ദാനത്തിന്റെ പ്രയോഗവത്കരണമെന്ന നിലയിൽ, ഫറോവയെയും സിൽബന്തികളെയും ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്കെറിഞ്ഞ് ഇസ്രായേൽ സന്തതികളെ രക്ഷിച്ചു. ‘പീഡിപ്പിക്കപ്പെട്ടിരുന്ന ആ ജനതക്ക്, നാം അനുഗ്രഹിച്ച, കിഴക്കും പടിഞ്ഞാറുമുള്ള ആ ഭൂപ്രദേശങ്ങൾ നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഇസ്രായേൽ സന്തതികൾ ക്ഷമിച്ചതിന്റെ ഫലമായി അവരിൽ നിന്റെ രക്ഷിതാവിന്റെ ഉത്തമമായ വചനം നിറവേറി ഫിർഔനും അവന്റെ ജനതയും നിർമിച്ചുകൊണ്ടിരുന്നതും അവർ കെട്ടിയുയർത്തിയിരുന്നതും നാം തകർക്കുകയും ചെയ്തു’ (7:137).

ഫറോവയെ നശിപ്പിച്ച് പ്രവാചകൻ മൂസയെയും ഇസ്രായേൽ ജനതയെയും രക്ഷപ്പെടുത്തിയ ദൈവത്തിനുള്ള നന്ദിസൂചകമായാണ്, മുഹമ്മദ് നബിയുടെ മാതൃക പിൻപറ്റി ലോക മുസ്ലിംകൾ മുഹർറം ഒമ്പത്, പത്ത് തീയതികളിൽ വ്രതമനുഷ്ഠിക്കുന്നത്. കഴിഞ്ഞുപോയ ചരിത്രത്തിന്റെ അനുസ്മരണം എന്നനിലയിൽ മാത്രമല്ല, ലോകത്തെങ്ങുമുള്ള മർദക ഭരണാധികാരികൾക്കെതിരെ, പീഡിതജനതകളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുള്ള ആത്മീയ പ്രതിരോധം എന്നനിലയിലും ഇതിന്റെ കാലികപ്രസക്തി ശ്രദ്ധേയമാണ്.

Vol. XXIX No. 139 RNI No. 44596/87. Printed and Published by TK Farook for and on behalf of Ideal Publications Trust, Silver Hills, **Kozhikode**-12 at Roshni Press, Silver Hills, Kozhikode-12. Editor: O. Abdurahman. Ph: 0495-2731500, 2731600 Email: cltdesk@madhyamam.in. **Kochi** Ph: 0484-2370216, 2370217 Email: chndesk@madhyamam.in. **Thiruvananthapuram** Ph: 0471-2329792 Email: tvmdesk@madhyamam.in. **Kannur** Ph: 0497-2701707, 2709101, 2701664. Email: knrdesk@madhyamam.in. **Malappuram** Ph: 04933-223000, 223001, 223002 Email: mlpdesk@madhyamam.in. **Bangalore** Ph: 080-22861298. **Kottayam** Ph: 0481-2561071, 2561073 Email: kottayam@madhyamam.in. **Thrissur** Ph: 0487-2429189 Email: tcrdesk@madhyamam.in